LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി തെക്കുംകര—വീരോടിപ്പാലം വനാതിർത്തിയിലുള്ള റോഡ്

243(950) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര-വീരോടിപ്പാലം വനാതിർത്തിയിലുള്ള റോഡ് തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ :

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയ്ഞ്ചിൽ വാഴാനി സ്റ്റേഷന്റെ പരിധിയിൽ വരുന്ന വീരോടിപ്പാലം മുതൽ കട്ടിലപൂവ്വത്തേക്കുള്ള ഉദ്ദേശം 5 കിലോമീറ്റർ ദൂരം വരുന്ന പഞ്ചായത്ത് റോഡിൽ പഴയന്നൂർ പാടത്ത് 1945-46 മണലിത്തറ തേക്ക് തോട്ടത്തിൽ കൂടി 135 മീറ്റർ ദൂരവും വേങ്ങലക്കുണ്ട് ഭാഗത്ത് റിസർവ്വ് വനത്തിലൂടെ 325 മീറ്റർ ദൂരവും (2 സ്ഥലങ്ങളിലുമായി ആകെ 460 മീറ്റർ ദൂരം) വനം വകുപ്പിന്റെ അധീനതയിലാണ്. റിസർവ്വ് ഫോറസ്റ്റിൽ കൂടിയുള്ള ഈ റോഡിന്റെ പുനരുദ്ധാരണ പണികൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980-ന്റെ പരിധിയിൽ വരുന്നതിനാൽ ടി റോഡിന് ആവശ്യമായ വനഭൂമി വിട്ടുകിട്ടുന്നതിനായി നിശ്ചിത പ്രൊഫോർമയിലുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ യൂസർ ഏജൻസിയായ തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കൂ.

പരപ്പ-ദേലമ്പാടി-ഉജ്ജംപാടി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

244(951) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പരപ്പ-ദേലമ്പാടി-ഉജ്ജംപാടി റോഡിൽ വനം വകുപ്പിന്റെ അധീനതയിൽ വരുന്ന കി.മീ. 0/020 മുതൽ 1/770 വരെയുള്ള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പി.ഡബ്ല്യു.ഡി. കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച കത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ദേലമ്പാടി വില്ലേജിലുള്ളവർക്ക് ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ എത്തുന്നതിനുള്ള പ്രധാന മാർഗ്ഗമെന്ന പരിഗണന നൽകി എത്രയുംവേഗം ഈ റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ പരാമർശിച്ച റോഡിനാവശ്യമായ കേന്ദ്രാനുമതി ലഭിക്കുന്നതിന് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) നോർത്ത് സർക്കിൾ, കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് അപൂർണ്ണമായതിനാൽ അപാകതകൾ പരിഹരിച്ച് നൽകാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോടിനോട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ പ്രതീക്ഷിക്കുകയാണ്.

(സി) പുതുക്കിയ പ്രൊപ്പോസൽ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിക്കുമ്പോൾ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ബാധകമല്ല.

വനത്തിനുള്ളിൽ കഴിയുന്ന കുടുംബത്തെ ഒഴിപ്പിക്കാൻ ശ്രമിക്കുന്നത് സംബന്ധിച്ച്

245(952) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ബെഡൂർ-അക്കച്ചേരി ഫോറസ്റ്റിനകത്ത് 50 വർഷങ്ങൾക്കുമുമ്പേ താമസിച്ചുവരുന്ന ഒരു കുടുംബത്തെ ഒഴിപ്പിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ശ്രമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബേഡൂർ-അക്കച്ചേരി ഫോറസ്റ്റിനകത്ത് താമസിക്കുന്ന വണ്ണത്താൻ കണ്ണൻ എന്നയാളുടെ കുടുംബം അനധികൃതമായി കൈവശം വച്ചു വരുന്ന വന ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബേഡൂർ-അക്കച്ചേരി വനഭാഗത്ത് ഒരേക്കർ സ്ഥലം വണ്ണത്താൻ കണ്ണൻ എന്നിവർക്ക് 1945-ൽ സൗത്ത് കാനറ ഡിവിഷണൽ ഫോറസ്റ്റാഫീസർ പാട്ടത്തിന് നൽകിയിരുന്നു. കണ്ണന്റെ മരണശേഷം ആയത് ടിയാന്റെ ഭാര്യയുടെ

LIBRARY ARCHIVES Kerala Legislative Assembly